PROCEEDINGS.

OF

THE TRAVANCORE LEGISLATIVE ASSEMBLY

OFFICIAL REPORT.

FIRST ASSEMBLY.

FIRST SESSION—1948/1123.

Friday the 4th June 1948/22nd Idavam 1123.

The Travancore Legislative Assembly met in the Legislative Chamber, Trivandrum, on Friday, the 4th June 1948 at eleven of the Clock, with Hon'ble Mr. A. J. John, President, in the Chair.

QUESTIONS AND ANSWERS.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്.

44. MR. KRISHNAN AYYAPPAN (*Shertallai III—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ എത്ര ബസ്സുകളുണ്ടെന്നും അവയിൽ എത്ര എണ്ണം ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നുവെന്നും അവ ഏതെല്ലാം ലൈനുകളിൽ ഓടിക്കൊണ്ടിരിക്കുന്നുവെന്നും പ്രസ്താവിക്കുന്നതിനു ഗവണ്മെന്റിനു മടിയുണ്ടാകുമോ?

(ബി) ആലപ്പുഴ—അരൂർലൈനിൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റുവക സർവീസു നടത്തുന്നതിനുള്ള ആലോചന ഗവണ്മെന്റിന്റെ പരിഗണയിൽപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഉദ്ദേശം എത്ര നാളിനകം നടപ്പിൽ വരുത്താൻ സാധിക്കുമെന്നും;

(സി) ട്രാൻസ്പോർട്ട് നാഷണലൈസ് ചെയ്യുവാനുള്ള ആലോചന ഗവണ്മെന്റിനുണ്ടോ എന്നും ഉണ്ടെങ്കിൽ അതിലേയ്ക്കു വല്ല നടപടികളും ആരംഭിച്ചിട്ടുണ്ടോ എന്നും;

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : (എ) ഉവ്വ്. ഇപ്പോൾ ഓടുന്ന ബസ്സുകൾ ഏതെന്നും. ഈ ബസ്സുകൾ ഏതെല്ലാം ലൈനിൽക്കൂടിയാണ് ഓടുന്നതെന്നുള്ള വിവരം കാണിച്ചു കൊണ്ടുള്ള ഒരു പട്ടിക* മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ—അരൂർറോഡിൽ ടാൻസ്പോർട്ടുബസ്സുകൾ നടപ്പിൽവരുത്താനുള്ള സംഗതിയെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചു തീരുമാനിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിൽനിന്നും ബസ്സുകൾക്കു ഗ്യാസ് പ്ലാൻറ് ഫിറ്റുചെയ്യുവരികയാണ്. ഫിറ്റിംഗ് തീർന്നാൽ ഉടൻ നടപ്പിൽവരുത്തുന്നതായിരിക്കും.

(സി) സ്റ്റേറിലുള്ള എല്ലാ ലൈനുകളിലും ബസ്സുസർവീസ് നടത്തുന്നതിലേക്കു, അതായതു ദേശീയമാക്കുന്നതിനുള്ള ഒരു നയം ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതാണ്.

MR. K. R. ELANKATH (*Trivandrum IV—General*) : ഉദ്ദേശം അതിനു എന്തു ചെലവു വരുമെന്നു പറയാൻ കഴിയുമുണ്ടാകുമോ ?

HON'BLE MR. T. M. VARGHESE : അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. K. A. MOHAMED (*Quilon IV—Muslim Reserved*) : ആലപ്പുഴ—അരൂർലൈനിൽ ഇപ്പോൾ ബസ്സുസർവ്വീസ് നടത്തുന്ന രീതി ഒട്ടും ആശാസ്യമല്ലെന്നും തൻമൂലം പൊതുജനങ്ങൾക്കു വളരെ കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നുണ്ടെന്നും അറിയാമോ ?

HON'BLE MR. T. M. VARGHESE : അറിയാം.

MR. K. A. MOHAMED : ഇപ്പോൾ അവിടെ സർവീസു നടത്തുന്ന കമ്പനിക്കാർതന്നെയാണു കൊച്ചിയിൽ ബസ്സുസർവ്വീസു നടത്തുന്നതെന്നും എന്നാൽ കൊച്ചിയിലും ഇതിനെപ്പറ്റി പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും അറിയാമോ ?

HON'BLE MR. T. M. VARGHESE : എനിക്കറിവില്ല.

MR. A. P. UDAYABHANU (*Karunagappally II—General*) : കൊച്ചിയിൽ ബസ്സുസർവീസ് ശരിയായി നടത്തിവരുന്നില്ലെന്നു പരാതി ഇവിടെയാണോ പറയേണ്ടതെന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. T. M. VARGHESE : ഇതുപോലെയുള്ള ചോദ്യം ഇവിടെ ചോദിക്കാമോ പാടില്ലയൊ എന്നുള്ള സംശയം ചോദിക്കുന്നയാളിന്റെ പരിജ്ഞാനത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കും.

---

*Vide Appendix A.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHUMED (*Muvattupuzha I—Muslim Reserved*) : ട്രാൻസ് പോർട്ട് ദേശീയമാക്കാൻ ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്ന എന്നു പറയുകയുണ്ടായി. എന്നാൽ അതിലേക്കു കൂടുതൽ ബസ്സുകൾ വരുത്തുന്നതിനുള്ള ഏർപ്പാടുകൾ വല്ലതും ചെയ്തിട്ടുണ്ടോ ?

HON'BLE MR. T. M. VARGHESE : കൂടുതൽ ബസ്സുകൾ വാങ്ങിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. പക്ഷെ അല്പം താമസം നേരിട്ടേക്കും.

MR. K. R. ELANKATH : കഴിഞ്ഞ വർഷം 4.0 ലക്ഷം രൂപാ ഡിപ്പാർട്ടുമെൻറിനു ലാഭമുണ്ടെന്നു പറയുന്നു. അതുകൊണ്ട് എത്രയും വേഗത്തിൽ ഇതു ദേശീയമാക്കിക്കൂടെ ?

HON'BLE MR. T. M. VARGHESE : കഴിഞ്ഞ വർഷം കിട്ടിയിട്ടുള്ള ലാഭം യഥാർത്ഥത്തിൽ ഒരു ലാഭമല്ലെന്നാണു എനിക്കു പറയാനുള്ളത്. എങ്കിലും കഴിവുള്ളിടത്തോളം വേഗത്തിൽ ദേശീയമാക്കാൻ വേണ്ടതു ചെയ്യാം.

MR. K. A. GANGADHARA MENON (*Nedumangad I—General*) : കഴിഞ്ഞ വർഷത്തിൽ ലാഭം കിട്ടിയില്ലെന്നു വിചാരിച്ച് ഈ വർഷത്തിൽ കിട്ടിക്കൂടായെന്നു ഗവണ്മെൻറിനു വിചാരമുണ്ടോ ?

HON'BLE MR. T. M. VARGHESE : അങ്ങിനെ യാതൊരു വിചാരവും ഗവണ്മെൻറിനില്ല.

MR. P. KUNJUKRISHNAN (*Quilon II-General*) : ഗ്യാസ് പ്ലാൻറു വച്ചിട്ടുള്ള ബസ്സുകൾ ഏതാണോ എല്ലാ കാലത്തിലും ഓടിക്കാൻ നിശ്ചയിച്ചിരിക്കുന്നതു് ?

HON'BLE MR. T. M. VARGHESE : ഫൈറേഞ്ചു് ഒഴികെ ബാക്കിയുള്ള സ്ഥലങ്ങളിലെല്ലാം ഗ്യാസ് പ്ലാൻറു് ബസ്സുകൾ ഓടിക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നതു്.

MR. P. KUNJUKRISHNAN : കൊല്ലം–ചാത്തന്നൂർ, കൊല്ലം–കുണ്ടറ ഇവിടങ്ങളിൽ ഓടിക്കൊണ്ടിരിക്കുന്ന ഷട്ടിൽസർവ്വീസ് ഇപ്പോൾ നിറുത്തിയിരിക്കുന്നസ്ഥിതിക്കു അവിടങ്ങളിലേക്കു ഗ്യാസ് പ്ലാൻറുവണ്ടികൾ തയാറായയുടൻ സപ്ലൈചെയ്യാൻ മേയുണ്ടാകുമോ ?

HON'BLE MR. T. M. VARGHESE : ആ ചോദ്യത്തിനു പ്രത്യേകമായി എനിക്കൊന്നും പറയാനില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. N. SANKUNNI PILLAI (*Kottayam IV—General*) : ഇപ്പോൾ ട്രാൻസ്പോർട്ടുബസ്സുകൾ നടത്തുന്ന പ്രവർത്തനരംഗങ്ങൾ എല്ലാംതന്നെ അവതാളത്തിലല്ലേ ? അങ്ങനെയിരിക്കുമ്പോൾ കൂടുതൽ ബസ്സുകൾ വരുത്തി സർവ്വീസുനടത്തുന്നതുകൊണ്ടു വളരെ കഴപ്പം ഉണ്ടാകയില്ലെ ?

HON'BLE MR. T. M. VARGHESE : ഇപ്പോഴത്തെ അവതാളത്തിനു കാരണം ബസ്സുകളുടെ കുറവാണ്. കൂടുതൽ ബസ്സുകൾ വരുത്തിയാൽ അവതാളത്തിനു പരിഹാരമുണ്ടാകും.

MR. P. K. KUNJU (*Karunagapally II—Muslim Reserved*) : ഇപ്പോൾ ഗവണ്മെന്റു ഏറ്റെടുത്തു നടത്തുന്ന ലൈനുകളിൽത്തന്നെ ബസ്സുകൾ കുറവല്ല, വളരെ കുറവാണെന്നു അറിയാമോ ?

HON'BLE MR. T. M. VARGHESE : അതുകൊണ്ടാണല്ലോ ബസ്സുകൾ കൂടുതൽ വാങ്ങിക്കണമെന്നുദ്ദേശിക്കുന്നതു്.

MR. MAJEED MARIKKAR (*Kunnatnad I—Muslim Reserved*) : ഗവണ്മെൻറിന്റെ കൈവശം ഗ്യാസ് പ്ലാൻറു ചെയ്യാനുള്ള സാമഗ്രികൾ വല്ലതും സ്റ്റാക്കുണ്ടോ ? അതോ വേറെ വല്ല സ്ഥലത്തുനിന്നും സാമഗ്രികൾ വരുത്തേണ്ടതായുണ്ടോ ?

HON'BLE MR. T. M. VARGHESE : ഇപ്പോൾ ഡിപ്പാർട്ടുമെൻറിലുള്ള യന്ത്രസാമഗ്രികൾ ഉപയോഗിച്ചു ഗ്യാസ് പ്ലാൻറു ഫിറ്റുചെയ്യാനുള്ള തക്കവണ്ണം സാധിക്കാതെയാണിരിക്കുന്നതു്.

MR. P. T. CHACKO (*Kottayam II—General*) : ട്രാൻസ് പോർട്ടുഡിപ്പാർട്ടുമെൻറിന്റെ കൈവശം ഒരു ഗ്യാസ് പ്ലാൻറു ഉണ്ടായിരുന്നതു് ഇപ്പോൾ എവിടെയാണെന്നറിയാമോ ?

HON'BLE MR. T. M. VARGHESE : അതിപ്പോൾ ഇല്ല. അതുകൊണ്ടു് ഒരു ഗ്യാസ് പ്ലാൻറു വേണ്ടിയിരിക്കുന്നു. അതുണ്ടാക്കാൻ ഇവിടെത്തന്നെ ശ്രമിച്ചുവരികയാണു്.

MR. P. T. CHACKO : ഇന്നലെ പറഞ്ഞു, ഗ്യാസ് പ്ലാൻറു ഡിപ്പാർട്ടുമെൻറിൽത്തന്നെ അഴിച്ചുവച്ചിരിക്കുകയാണെന്നു്. അതിപ്പോൾ അവിടെയുണ്ടോ എന്നാണു എന്റെ ചോദ്യം.

HON'BLE MR. T. M. VARGHESE : അതു കുറെ വർഷങ്ങൾക്കുമുൻപു അഴിച്ചുവച്ച കാര്യമാണു പറഞ്ഞതു്. അതു ഉപയോഗയോഗ്യമാണോ അല്ലയോ എന്നുള്ള കാര്യം ഇപ്പോൾ പറയാൻനിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. ABDUL AZIZ (*Trivandrum II—Muslim Reserved*) : ടൗൺസ് പോർട്ടുവക ബസ്സുകളുടെ ഒട്ടുവളരെ പഴയ ഇന്ധനുസാമാനങ്ങൾ കടപ്പുറത്തു തുരുമ്പുപിടിച്ചുകൊണ്ടുകിടക്കുന്നു. അതിന്റെ കാരണം എന്താണെന്നു ദയവായി പറയുമോ :

HON'BLE MR. T. M. VARGHESE : കിടക്കുന്നുണ്ടെന്നു തോന്നുന്നില്ല. ചെയ്തിരിക്കുന്നതു്.

MR. ABDUL AZIZ : ഇങ്ങനെ കുറെ ഇന്ധനുസാമാനങ്ങൾ കടപ്പുറത്തു കിടക്കുന്നുണ്ടെന്നു അറിയാമോ ?

HON'BLE MR. T. M. VARGHESE : എന്നറിയാം.

MR. PANDAVATH SANKARA PILLAI (*Karthigapally III—General*) : ടൗൺസ് പോർട്ടുബസ്സുകൾ ദേശീയമാക്കുന്നതോടുകൂടി ലോക്കൽ സർവ്വീസും ദേശീയമാക്കാൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. T. M. VARGHESE : എല്ലാ സർവ്വീസുകളും ദേശീയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടു്.

MR. KANNARA GOPALA PANICKER (*Thiruvalla II—General*) : ആലപ്പുഴ-അമ്പർസർവ്വീസിൽ ഇപ്പോൾ ബസ്സു നടത്തുന്നതു ഏതു കമ്പനിക്കാരാണെന്നു പറയാൻ ദയവുണ്ടാകുമോ ?

HON'BLE MR. T. M. VARGHESE : അതു അന്വേഷിച്ചു പറയാം.

MR. KANNARA GOPALA PANICKER : അവിടെ ഒരു എക്സ്പ്രസ് ബസ്സർവ്വീസു നടത്തുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ ?

HON'BLE MR. T. M. VARGHESE : അതു നടത്താം.

MR. E. JOHN PHILIPOSE (*Thiruvalla III—General*) : നിലവിലിരിക്കുന്ന സർവ്വീസുകളെയെല്ലാം നന്നാക്കുന്നതിനുവേണ്ടി ഒരു അന്യോഗികക്കമ്മറ്റി പ്രവർത്തനം നടത്തുന്നുണ്ടെന്നറിയാമോ ?

HON'BLE MR. T. M. VARGHESE : ഈ ചോദ്യത്തിനു നോട്ടീസിന്റെ ആവശ്യമുണ്ടു്.

APPENDIX A.

(Vide answer to question No. 44.)

Statement of ordinary buses operating in various routes.

Route.	*No. of vehicles.*	*No. of journeys*
Trivandrum-Nagercoil ...	14	56
Nagercoil-Kuzhithurai ...	1	8
Nagercoil-Thuckalai ...	1	12
Trivandrum-Thoduvetty ...	3	24

LIBRARY ARCHIVES Kerala Legislative Assembly

APPENDIX A—(*contd.*)

Route.		*No. of vehicles.*	*No. of journeys.*
Nagercoil-Colachel	...	3	36
Nagercoil-Azhakiapandiyapuram	...	3	48
Nagercoil-Cape	...	3	40
Nagercoil-Anjugramam	...	2	20
Nagercoil-Town services	...	4	...
Trivandrum-Colachel	...	2	8
Trivandtum-Quilon	...	8	32
Trivandrum-Attingal	...	1	8
Trivandrum-Kottarakara	...	6	24
Trivandrum-Shenkotta	...	2	4
Trivandrum-Palode	...	3	18
Trivandrum-City Services			
East Fort-Valiathurai	...	1	...
East Fort-Beach	...	3	50
East Fort-Kattachakonam	...	2	54
East Fort-Sasthamangalam	...	2	50
East Fort-Thirumalai	...	2	50
East Fort-Neyyattinkara	...	5	60
East Fort-Balaramapuram	...	1	16
East Fort-Vizhinjam	...	3	36
East Fort-Nedumaugad	...	4	48
East Fort-Peroorkada	...	2	...
Quilon-Shencotta	...	5	10
Quilon-Punalur	...	4	20
Quilon-Kundra	...	1	14
Quilon-Chathanoor	...	1	14
Quilon-Kottarakara	...	1	8
Kottarakara-Kottayam	...	8	32
Kottarakara-Chengannur	...	1	4
Kottayam-Chengannur	...	2	16
Kottayam-Thiruvalla	...	3	12
Kottayam-Changanachery	...	1	14
Kottayam-Chingavanam	...	1	24
Statement of Express buses operating in various routes.			
Trivandrum-Cape Comarin*	...	2	4
Do. -Nagercoil	...	2	8
Do. -Quilon	...	1	4
Do. -Kottayam	...	5	10
Do. -Alleppey	...	2	4
Quilon-Kottayam	...	2	4
Do. Alleppey	...	3	10
Kottayam-Alwaye	...	3	12
Do. -Munnar	...	1	2
Do. -Vaikom	...	2	16
Alwaye-Munnar	...	1	2
Do. Parur	...	3	30

*Express coaches

LIBRARY ARCHIVES Kerala Legislative Assembly